# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 431 — 27/06/2014 ലെ മറുപടിക്ക്

### ഹോർട്ടികോർപ്പ് സ്റ്റാളുകളിലെ പച്ചക്കറിയുടെ വില

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | ഹോർട്ടികോർപ്പ് സ്റ്റാളുകളിൽ പച്ചക്കറിക്ക് പൊതുവിപണിയേക്കാൾ വില കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കരാർ ഉദ്യോഗസ്ഥ ലോബിയുടെ ഒത്തുകളിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ നടപടി സ്വീകരിക്കുമോ ; | എ) | ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ പച്ചക്കറികൾ മാർക്കറ്റ് വിലയെക്കാൾ വിലകുറച്ചാണ് വിൽക്കുന്നത്. എന്നാൽ ചില ഫ്രാഞ്ചൈസി സ്റ്റാളുകളിൽ മാർക്കറ്റ് വിലയെക്കാൾ വില കൂട്ടി വിൽക്കുന്നത് ശ്രദ്ധയിൽപ്പെടുകയും അത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പ് സ്റ്റാളുകളിൽ പൊതുവിപണിയേക്കാൾ വിലകൂട്ടി വിൽക്കുന്ന കരാർ ഉദ്യോഗസ്ഥ ലോബിയുടെ ഒത്തുകളി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | കർഷകരിൽ നിന്നും പരമാവധി വിലയ്ക്ക് നേരിട്ട് ഉൽപ്പന്നങ്ങൾ ശേഖരിച്ച് കുറഞ്ഞ വിലയിൽ വിറ്റഴിക്കുക എന്ന സർക്കാരിന്റെ ലക്ഷ്യത്തിന് വിരുദ്ധമായി സംഭവിക്കുന്ന ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | കർഷകരിൽ നിന്നും പരമാവധി വിലയ്ക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് ശേഖരിക്കുന്നതിനാണ് ഹോർട്ടികോർപ്പ് ശ്രമിച്ചുവരുന്നത്. ഇത്തരം ഒരു ഒത്തുകളി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്. |
| സി) | കർഷകരിൽ നിന്നും നേരിട്ട് കുറച്ച് ഉത്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതെന്നും ബാക്കി മൊത്തക്കച്ചവടക്കാരിൽ നിന്നുമുള്ള രണ്ടാം തരം ഉത്പന്നങ്ങളാണ് വാങ്ങുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് പരമാവധി സംഭരിച്ചുവരുന്നുണ്ട്. അങ്ങനെ ലഭ്യമല്ലാത്തവ അന്യസംസ്ഥാനങ്ങളിലെ കച്ചവടക്കാരിൽനിന്നും ഗുണനിലവാരം |

ഉറപ്പുവരുത്തി കഴിവതും വിലകുറച്ച് വാങ്ങിയാണ് ഹോർട്ടികോർപ്പ് വില്പന നടത്തിവരുന്നത്. രണ്ടാംതരം ഉല്പന്നങ്ങൾ മൊത്തകച്ചവടക്കാരിൽനിന്നും വാങ്ങുന്നില്ല.

(ഡി) ഉണ്ടെങ്കിൽ ഇതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

(ഡി) പച്ചക്കറികളുടെ വാങ്ങലിൽ എന്തെങ്കിലും ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ